# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 184 — 18.12.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി.യുടെ വിജിലൻസ് സ്ക്വാഡുകളുടെ ഘടനയും പ്രവർത്തനോദ്ദേശ്യവും

**ചോദ്യം**

ശ്രീ. കെ. കെ. ജയചന്ദ്രൻ:
" പി. കെ. ഗുരുദാസൻ :
" കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
" എം. ഹംസ:

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ വിജിലൻസ് സ്ക്വാഡുകളുടെ ഘടനയും പ്രവർത്തനോദ്ദേശ്യവും എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. യിലെ വിജിലൻസ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് വിജിലൻസ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നത്. ഇപ്പോൾ കേരളത്തിൽ 21 സ്ക്വാഡ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഓരോ സ്ക്വാഡ് യൂണിറ്റിലും ഒരു ഇൻസ്പെക്ടർ-ഇൻ-ചാർജ്ജ് ഉൾപ്പടെ 13 ഇൻസ്പെക്ടർമാരാണുള്ളത്. ജീവനക്കാരെ മുഴുവൻ സൂക്ഷ്മ നിരീക്ഷണത്തിനു വിധേയമാക്കി അവരിൽ എന്തെങ്കിലും ദുഷ്പ്രവണതകളോ കൃത്യനിർവ്വഹണത്തിനിടയിലെ വീഴ്ചകളോ കണ്ടെത്തിയാൽ അത് റിപ്പോർട്ട് ചെയ്യുകയും തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ജീവനക്കാരുടെ ഭാഗത്തു നിന്നുണ്ടാകുന്ന വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നു. ഓരോ ഡിപ്പോയിലെയും പ്രവർത്തനങ്ങളും, പ്രശ്നങ്ങളും നേരിട്ട് നിരീക്ഷിച്ച് |

| | | | |
|---|---|---|---|
| | | | അപ്പപ്പോൾ റിപ്പോർട്ട് സമർപ്പിക്കുന്നു. ബസ് പരിശോധന ശക്തമാക്കി കെ.എസ്.ആർ.ടി.സി. യുടെ വരുമാന ങ്ങളിലും ചോർച്ചയുണ്ടാകാതെ സൂക്ഷി ക്കുവാനും വിജിലൻസിന്റെ പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട പരാതികളിൽ അന്വേഷണം നടത്താൻ വിജിലൻസ് വിഭാഗത്തിന് അധി കാരമുണ്ടോ; എങ്കിൽ അത് വിശദമാക്കാമോ; | (ബി) | അധികാരമുണ്ട്.<br>ബസ്സുകളിൽ മിന്നൽ പരിശോധന, രാത്രികാല പരിശോധന, ഗ്യാരേജ്, ഡിപ്പോ ഓഫീസ് എന്നിവിടങ്ങളിലുള്ള പരിശോധന, യാത്രക്കാരുടെ പരാതിയിൻ മേലുള്ള വിശദമായ അന്വേഷണം തുടങ്ങി കെ.എസ്.ആർ.ടി.സി. യുമായി ബന്ധപ്പെട്ട എല്ലാ വിഭാഗം ജീവനക്കാർ ക്കെതിരേയും ഉള്ള പരാതികൾ അന്വേഷി ക്കുന്നത് വിജിലൻസ് സ്ക്വാഡുകളുടെ ഉത്തരവാദിത്തമാണ്. |
| (സി) | ഓരോ ജില്ലയിലും സ്ക്വാഡു കളുടെ എണ്ണം നിശ്ചയിക്കു ന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ; | (സി) | പ്രാദേശികമായ പ്രാധാന്യവും, അതാത് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന കെ.എസ്.ആർ.ടി.സി. യൂണിറ്റുകളുടെ എണ്ണവും കണക്കിലെടുത്താണ് സ്ക്വാഡുകളുടെ എണ്ണം നിശ്ചയി ക്കുന്നത്. |
| (ഡി) | ബസ്സുകളിൽ പരിശോധന നടത്തി ടിക്കറ്റ് എടുക്കാത്ത യാത്രക്കാരെ കണ്ടുപിടിക്കുന്ന തിനും പിഴ ഈടാക്കുന്നതിനു മുള്ള സ്ക്വാഡുകളുടെ പ്രവർത്തനം കാര്യക്ഷമമാ ണെന്ന് കരുതുന്നുണ്ടോ; | (ഡി) | കൂടുതൽ കാര്യക്ഷമമാക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശി ക്കുന്നുണ്ടോ? | (ഇ) | വിജിലൻസ് സ്ക്വാഡ് യൂണിറ്റുകളെ ബസ് പരിശോധനയും ടിക്കറ്റ് എടുക്കാത്ത യാത്രക്കാരെ കണ്ടെത്തുന്നതിനുമായി പ്രാധാന്യം കൊടുത്ത് നിയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. വിജിലൻസ് വിഭാഗം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പി ക്കുന്നതിനും കാര്യശേഷി വർദ്ധിപ്പിക്കുന്ന തിനുമായി ഇൻസ്പെക്ടർമാർക്ക് ട്രെയിനിംഗ് നൽകികൊണ്ടിരിക്കുന്നു. |

Geethakumari

സെക്ഷൻ ഓഫീസർ